ന്നില്ല. 2398 തൊഴിലാളികൾ റിട്ടയർമെന്റ് ആനുകൂല്യത്തിന് അപേക്ഷിച്ചിട്ട് ആകെ 698 തൊഴിലാളികൾക്ക് കൊടുത്തിട്ടുള്ളത്. വിദഗ്ദ്ധചികിൽസയ്ക്കായി 514 തൊഴിലാളികൾ അപേക്ഷിച്ചിട്ട് 36 ആളുകൾക്ക് മാത്രമാണ് കൊടുക്കാൻ കഴിഞ്ഞത്. വിവാഹധനസഹായത്തിന് 91 ആളുകൾ അപേക്ഷിച്ചിട്ട് 46 ആളുകൾക്കേ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കാനുള്ള പ്രധാനപ്പെട്ട കാരണം അവിടെ സ്റ്റാഫ് ഇല്ല യെന്നുള്ളതാണ്. 134 വില്ലേജുകളിലായി പതിനായിരക്കണക്കിന് തൊഴിലാളികൾ രജിസ്ട്രേഷനുവേണ്ടി കാര്യങ്ങൾ അന്വേഷിക്കുന്നതിന് ആഫീസിൽ വന്നാൽ ശരിയ്ക്ക് മറുപടി പറയുവാൻപോലും ആളില്ലാത്ത അവസ്ഥയാണുള്ളത്. ഒരു യു.ഡി. ക്ളാർക്ക്, രണ്ട് എൽ.ഡി.ക്ളാർക്ക്, ഒരു പ്യൂൺ, ഒരു ഓഫീസർ ഇത്രയും സ്റ്റാഫാണുള്ളത്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും താല്ക്കാലികമായി നിയമനം കിട്ടുന്ന ആളുകളാണ് അവിടെ വരാറുള്ളത്. അതുകൊണ്ട് തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ച് പഠിക്കാനോ വേണ്ട സഹായങ്ങൾ ചെയ്യാനോ കഴിയുന്നില്ല. മരിച്ചതിനുശേഷമാണ് ചില ആളുകൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. ഇങ്ങനെയുള്ള ഒരവസ്ഥയാണുള്ളത്. അതുകൊണ്ടു തന്നെ ഗവൺമെന്റ് ക്ഷേമനിധിയിൽ പറയുന്ന എല്ലാ ആനുകൂല്യങ്ങളും പൂർണ്ണമായും തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിനുവേണ്ടി ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി(ശ്രീ. വി.പി. രാമകൃഷ്ണ പിള്ള): സർ, മലപ്പുറം ജില്ലയിലെ കർഷകത്തൊഴിലാളി ക്ഷേമനിധി ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന് സ്ഥലസൗകര്യം കുറവാണ്. വാടകക്ക് കെട്ടിടം അന്വേഷിച്ചിട്ട് ഇതുവരെ കിട്ടിയിട്ടില്ല. എന്നാൽ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മലപ്പുറം ജില്ലാ ഓഫീസിൽ പ്രവർത്തിച്ചുവരുന്ന ഒരു മുറി അവർ ഒഴിഞ്ഞുപോകുമ്പോൾ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കിട്ടുന്നതാണ്. മലപ്പുറം ജില്ലാ വെൽഫെയർ ഫണ്ട് ഓഫീസർ തസ്തിക ഒഴിഞ്ഞുകിടന്നിരുന്നതിനാൽ ആനുകൂല്യങ്ങളുടെ വിതരണം, രജിസ്ട്രേഷൻ തുടങ്ങിയ കാര്യങ്ങൾ ഈ ഓഫീസിൽ നടന്നിരുന്നില്ല. ഇപ്പോൾ വെൽഫെയർ ഫണ്ട് ഓഫീസറെ നിയമിച്ചുകഴിഞ്ഞു. ആവശ്യത്തിന് സ്റ്റാഫിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഫീസിലെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

(9) വൈക്കം താലൂക്കിൽ ഇടയാഴം ഹെൽത്ത് സെന്ററിൽ സ്ഥിരം ഡോക്ടർമാരെ നിയമിക്കേണ്ടതു സംബന്ധിച്ച്

ശ്രീ. പി. നാരായണൻ : സർ, വൈക്കം താലൂക്കിൽ വെച്ചൂർ ഗ്രാമപഞ്ചായത്തിൽ ഇടയാഴം ഹെൽത്ത് സെന്ററിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വളരെയേറെ കർഷകരും തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന സ്ഥലത്താണ് ഈ ഹെൽത്ത് സെന്റർ സ്ഥിതിചെയ്യുന്നത്. ഈ പ്രദേശത്ത് പാമ്പ്കടിയേറ്റ് അപകടങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷംതന്നെ നാല് മരണങ്ങൾ സംഭവിച്ചു. ഇതിനെത്തുടർന്ന് എ.ഐ. വൈ.എഫ് ന്റെയും ഡി.വൈ. എഫ്.ഐ യുടേയും കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും നേതൃത്വത്തിൽ പ്രക്ഷോ

LIBRARY ARCHIVES Kerala Legislative Assembly

ഭണ സമരങ്ങൾ നടക്കുകയാണ്. വൈക്കം ഗ്രാമപഞ്ചായത്തും വൈക്കം ബ്ളോക്ക് പഞ്ചായത്തും ഒരു സ്ഥിരം ഡോക്ടറെ നിയമിക്കണമെന്ന പ്രമേയം പാസ്സാക്കി ഗവൺമെന്റിന് അയച്ചിട്ടുണ്ട്. പലവട്ടം എം.എൽ.എ എന്നുള്ള നിലയിൽ ഞാൻ ഈ വിവരങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ ആശുപത്രിയിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കണമെന്നും ഹെൽത്ത് സെന്ററിന്റെ ക്വാർട്ടേഴ്സിൽ താമസിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽപ്പെട്ട ഇടയാഴം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അഞ്ച് ഡോക്ടർമാരുടെ തസ്കിതയാണ് നിലവിലുള്ളത്. 1.11.1999-ലെ ഉത്തരവുപ്രകാരം രണ്ടു ഡോക്ടർമാരെ പി.എസ്.സി. വഴി നിയമിച്ചുവെങ്കിലും വിവിധ കാരണങ്ങളാൽ അവർ ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ല. ആയതിനാൽ രോഗികളുടെ ബുദ്ധിമുട്ടൊഴിവാക്കാൻ നാല് ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവ് നികത്താനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് കിട്ടുന്ന മുറക്ക് ഇടയാഴത്ത് ഒരു ഡോക്ടറെക്കൂടി നിയമിക്കുന്നതാണ്.

(10) കൊടുവള്ളി പഞ്ചായത്തിലെ പി.എച്ച്.സി, സി.എച്ച്.സി ആയി മാറ്റണമെന്ന ആവശ്യം

ശ്രീ. സി. മൊയിൻകുട്ടി : സർ, എനിക്ക് വളരെ ഗൗരവതരമായ വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. എന്റെ മണ്ഡലത്തിലെ കൊടുവള്ളി ഹെൽത്ത് സെന്ററിനുവേണ്ടിയുള്ള ആവശ്യം കഴിഞ്ഞ 25 വർഷമായി ഉയർന്നുവന്നിട്ടുള്ളതാണ്. പലതവണ സഭയിൽ ഈ കാര്യമുന്നയിച്ചു. സബ്മിഷൻ കൊണ്ടുവന്നു, നേരിൽ സംസാരിച്ചു. മന്ത്രി വളരെ വ്യക്തമായ ഉറപ്പുനൽകിയിരുന്ന കാര്യമാണ്. നിയമസഭയ്ക്കകത്തും പുറത്തും ഒരു പൊതുപരിപാടിയിൽ പങ്കെടുത്തപ്പോഴും ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയിരുന്ന കാര്യമാണ്. 99 സെന്റ് സ്ഥലവും സ്വന്തമായ കെട്ടിടവും ഇലക്ട്രിക് സൗകര്യമുള്ള ഈ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ ഏഴ് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഇതു സംബന്ധിച്ച് നാട്ടിൽ വന്പിച്ച പ്രക്ഷോഭണ പരിപാടികളാണ് നടക്കുന്നത്. ഒരു പഞ്ചായത്തുടനീളം ഹർത്താൽ ആചരിക്കുകയാണ്, അതുപോലെതന്നെ ബ്ളോക്ക് പഞ്ചായത്തിൽ ഉപരോധം നടത്തുകയും, കക്ഷിരാഷ്ട്രീയത്തിനതീതമായി ഇരുപത്തിയഞ്ച് കൊല്ലമായി നിരന്തരമായ പോരാട്ടമാണ് അവിടെ നടക്കുന്നത്. ഇരുപത്തിയഞ്ച് കൊല്ലമായി നിലനിൽക്കുന്ന ഈ ആവശ്യം വളരെ അടിയന്തിരമായി അനുവദിച്ചു കിട്ടണം. അതൊരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി കബീർ) : സർ, ഓരോ ബ്ളോക്കിലും ഓരോ പി.എച്ച്.സി. ഘട്ടംഘട്ടമായി ഉയർത്തി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുകയെന്ന രീതിയാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. കൊടുവള്ളി മണ്ഡലത്തിൽപ്പെട്ട കൊടുവള്ളി ബ്ളോക്കിലെ 67 കിടക്കകളും മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 32 ജീവനക്കാരുമുള്ള താമരശ്ശേരി ഗവൺമെന്റ് ആശുപത്രി 12.11.1999-ലെ സർക്കാർ ഉത്തരവ് പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly